## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 624** **11.12..2012 ലെ മറുപടിയ്ക്ക്**

**കാരുണ്യ ലോട്ടറി**

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. വി. വിജയദാസ്** **ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാരുണ്യ ലോട്ടറിയിലൂടെ എത്ര കോടി രൂപ കാരുണ്യ ബെനലന്റ് ഫണ്ടിൽ സ്വരൂപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; | (എ) കാരുണ്യ ലോട്ടറിയുടെ 63 നറുക്കെടുപ്പുകളിൽ നിന്നും ഏകദേശം 102 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്.. ഇതിൽ നിന്നും 65 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എത്ര ആളുകൾക്ക് എത്ര കോടി രൂപ ഫണ്ടിൽ നിന്നും നാളിതുവരെ നൽകിയിട്ടുണ്ട്; | (ബി) വിവിധ സർക്കാർ ആശുപത്രികളിലായി 5404 രോഗികൾക്ക് 56.14 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |
| (സി) | അപേക്ഷ സമർപ്പിച്ചവർക്ക് മുഴുവൻ പേർക്കും ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. 5404 പേർക്ക് ഇതിനകം ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടാത്ത മുൻകാല ചികിത്സ, സംസ്ഥാനത്തിന് പുറത്തുള്ള ചികിത്സ, പദ്ധതിയിൽപ്പെടാത്ത രോഗങ്ങൾക്കുള്ള ചികിത്സ, സർക്കാർ ആശുപത്രിയിലോ, അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയിലോ അല്ലാത്ത ചികിത്സ എന്നീ കാരണങ്ങൾകൊണ്ട് ഏതാനും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| (ഡി) | ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ? | (ഡി) 3 ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപയാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. ചികിത്സിക്കുന്ന ആശുപത്രിയിലെ ചികിത്സാ ചെലവ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയാണ് ധനസഹായമായി അനുവദിക്കുന്നത്. ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ ചികിത്സകൾക്കാണ് ധനസഹായം ബന്ധപ്പെട്ട ആശുപത്രികളിൽ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ.